## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2083 | 10.10.2011-ലെ മറുപടിക്ക് |
|---|---|

### കുഷ്ഠരോഗികൾക്കു ചികിത്സയും സംരക്ഷണവും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി.എസ്. ജയലാൽ | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| എ) കേരളത്തിൽ നിലവിലുള്ള കുഷ്ഠ രോഗികളുടെ എണ്ണം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ; | എ) 31.8.2011 -ലെ കണക്കു പ്രകാരം 876 രോഗികൾ കേരളത്തിൽ ചികിത്സയിലുണ്ട്. (448 പുരുഷന്മാർ, 352 സ്ത്രീകൾ, 76 കുട്ടികൾ) |
| ബി) പ്രസ്തുത രോഗവുമായി ബന്ധപ്പെട്ട് പുതിയ കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; ആയതിന്റെ കണക്ക് അറിയിക്കുമോ; | ബി) 2011-12 വർഷത്തിൽ 1.4.2011 മുതൽ 31.8.2011 വരെ 334 പുതിയ കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. (183 പുരുഷന്മാർ, 118 സ്ത്രീകൾ, 33 കുട്ടികൾ) |
| സി) പ്രസ്തുത രോഗികളെ സംരക്ഷിക്കുന്നതിനും ചികിത്സിക്കുന്നതിനും വേണ്ടി എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | സി) പ്രസ്തുത രോഗികളെ സംരക്ഷിക്കുന്നതിനും, ചികിത്സിക്കുന്നതിനും വേണ്ടി പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, മെഡിക്കൽകോളേജുകൾ, ലെപ്രസി സാനറ്റോറിയങ്ങൾ തുടങ്ങിയവയിൽ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനായി നൽകുന്ന എല്ലാ സേവനങ്ങളും, മരുന്നും സൗജന്യമാണ്. അംഗവൈകല്യം ബാധിച്ച രോഗികൾക്ക് അനുയോജ്യമായ പുനരധിവാസ ഉപകരണങ്ങൾ നൽകുന്നു. |
| ഡി) അതിനായി സർക്കാർ ജീവനക്കാരുടെ സേവനം ലഭ്യമാക്കുന്നുണ്ടോ; എങ്കിൽ ആയത് വെളിപ്പെടുത്തുമോ; | ഡി) ആരോഗ്യ വകുപ്പിലെ എല്ലാ പൊതുജനാരോഗ്യ പ്രവർത്തകരും ഡോക്ടർമാരും കുഷ്ഠ രോഗികൾക്ക് ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പദ്ധതി വിഭാവനം ചെയ്യുന്ന സേവനങ്ങൾ നൽകുന്നു. കൂടാതെ എൻ.എൽ.ഇ.പി പ്രവർത്തകരായ നോൺ മെഡിക്കൽ സൂപ്പർവൈസർ, അസിസ്റ്റന്റ് ലെപ്രസി ആഫീസർ, ലെപ്രസി |

| | |
|---|---|
| | ലെപ്രസി ആഫീസറുടെ സേവനം ലഭ്യമാണ്. |
| ഇ) അതിനായി കേന്ദ്ര ഫണ്ട് ലഭ്യമാണോ; എങ്കിൽ തുക എത്രയെന്ന് അറിയിക്കുമോ; | ഇ) എൻ.എൽ.ഇ.പി (ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പരിപാടി)യ്ക്കായി എൻ.ആർ.എച്ച്.എം വഴി 2011-12 വർഷത്തേക്ക് 94 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| എഫ്) പ്രസ്തുത ഫണ്ട് എന്നുവരെ ലഭ്യമാകും; തുടർനടപടി എന്തൊക്കെയാണ്? | എഫ്) കേന്ദ്ര ഫണ്ട് എന്നുവരെ ലഭ്യമാകുമെന്ന് കേന്ദ്രസർക്കാർ അറിയിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ